# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 82 26.09.2016- ൽ മറുപടിയ്ക്ക്

## വിദേശ രാജ്യങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി. ദിവാകരൻ**<br>**ശ്രീമതി ഇ.എസ്. ബിജിമോൾ**<br>**ശ്രീ. ഇ. കെ.വിജയൻ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** | |
| എ) | വിദേശ രാജ്യങ്ങളിൽ വിവിധ തരം തൊഴിൽ പ്രശ്നങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന മലയാളികൾക്ക് വേണ്ടി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | എ) | ദുരിതമനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിന് നിലവിൽ ഭാരത സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യവകുപ്പും എംബസികളുമാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. കേരളീയർക്ക മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കാൻ വ്യവസ്ഥയില്ല. വിദേശ രാജ്യങ്ങളിലെ പ്രവർത്തന സംവിധാനം ഒരുക്കുന്നത് കേന്ദ്ര വിദേശ കാര്യ വകുപ്പും എംബസികളുമാണ്. വിദേശ കാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്തു വരുന്നുണ്ട്.<br>വിദേശ രാജ്യങ്ങളിൽ ദുരിതത്തിൽ കഴിയുന്ന ഇന്ത്യാക്കാർക്ക് വിവിധ ഇന്ത്യൻ മിഷനുകൾ മുഖേന അടിയന്തിര ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് 2009 ൽ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- ഗാർഹിക ജോലിക്കാർ, അവിദഗ്ധ തൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ട ദുരിതത്തിലായ പ്രവാസി ഇന്ത്യാക്കാർക്ക് പരമാവധി 30 ദിവസം വരെ താമസ സൗകര്യം
- അടിയന്തിര വൈദ്യ സഹായം, അർഹരായവർക്ക് പ്രാഥമിക നിയമ സഹായം
- കുടുങ്ങിപ്പോയ പ്രവാസികൾക്ക് നാട്ടിലെത്താൻ സഹായം
- വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്നവരുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുക, അതാത് രാജ്യങ്ങളിൽ ശവസംസ്കാരം നടത്തുക
- തങ്ങളുടേതല്ലാത്ത കാരണത്താൽ അനധികൃത താമസത്തിന് അടക്കേണ്ടിവരുന്ന പിഴ തുക (പരമാവധി 1000 U.S. ഡോളർ വരെ)
- ജയിൽ മോചനത്തിനായി വേണ്ടി വരുന്ന പിഴ തുക (ഒരു കേസിന് പരമാവധി 2500 U.S. ഡോളർ വരെ)
- 1,00,000 ൽ അധികം പ്രവാസി ഇന്ത്യാക്കാർ ഉള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസി ഇന്ത്യാ സംഘടനകൾക്ക് ഇന്ത്യൻ കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം

| | |
|---|---|
| ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ പ്രശ്നങ്ങളിൽപെട്ട് ഉഴലുന്ന<br>& പ്രവാസികളെ സഹായിക്കുന്നതിന് അതത് രാജ്യങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) വിവിധ വിദേശ രാജ്യങ്ങളിലെ സഹായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും<br>& ഏകോപിപ്പിക്കുന്നതും കേന്ദ്ര വിദേശ കാര്യ വകുപ്പാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സ്വതന്ത്ര നിലപാട് സ്വീകരിച്ച് |
| സി) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രശ്നങ്ങൾ മൂലം ശമ്പളം ലഭിക്കാതെ കഷ്ടപ്പെടുന്ന മലയാളികൾക്ക് ശമ്പളവും , ശമ്പളകുടിശ്ശികയും ലഭ്യമാക്കുന്നതിന് അതത് എംബസികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ? | സി) ഹെൽപ് ഡെസ്ക് ഏർപ്പെടുത്തുവാൻ കഴിയുകയില്ല. എന്നാൽ വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് സഹായം നല്കുന്നതിനും ആഗ്രഹിക്കുന്നവരെ തിരികെ കൊണ്ടുവരുന്നതിനും വേണ്ട നടപടി സ്വീകരിക്കുവാൻ എംബസിയോടും കേന്ദ്ര വിദേശ കാര്യ വകുപ്പിനോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് എംബസിയുമായും കേന്ദ്ര സർക്കാരുമായും തുടർ കത്തിടപാട് നടത്തുകയും ചെയ്യുന്നുണ്ട്. ഈ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രി നേരിട്ട് കേന്ദ്ര വിദേശ കാര്യ വകുപ്പ് മന്ത്രിക്ക് കത്തും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ